# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 181**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

വാസയോഗ്യമായ ഭവനമില്ലാതെ പ്രയാസം അനുഭവിക്കുന്ന സഹോദരങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനായി ഭാഗ്യസ്മരണീയനായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദീർഘ വീക്ഷണത്തിൽ 1968 ൽ ആരംഭിച്ച പദ്ധതിയാണ് ഭു–ഭവനദാന പ്രസ്ഥാനം. കേരളത്തിലും ഇതര സംസ്ഥാനങ്ങളിലുമായി ജാതിമത ഭേദമെന്യേ ഇതുവരെ 8862 ഭവനങ്ങൾ നിർമ്മിച്ചു നൽകി. വസ്തുവും വീടും ഇല്ലാത്തവർക്ക് അവ നൽകിയതും ഇതിൽ ഉൾപ്പെടുന്നു. ഇതു കൂടാതെ ഭദ്രാസനങ്ങൾ, ഇടവകകൾ, സഭയിലെ വിവിധ സംഘടനകൾ എന്നിവയിലൂടെയും ഭവനങ്ങൾ നിർമ്മിച്ച് നല്കിയിട്ടുണ്ട്. അത്യന്തം അനുഗ്രഹകരമായ ഈ പ്രവർത്തനത്തിൽ നേതൃത്വവും പങ്കാളിത്തവും വഹിച്ചിട്ടുള്ള എല്ലാവരെയും വിശേഷാൽ ഭവന നിർമ്മാണത്തിനായി വസ്തു സൗജന്യമായി നൽകിയവരെയും ഉദാരമായി സംഭാവനകൾ നല്കിയ സുമനസ്സുകളായ വ്യക്തികളെയും നന്ദിപൂർവ്വം ഓർക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. തുടർന്നും നിർലോഭമായ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് സ്നേഹത്തോടെ ഉദ്ബോധിപ്പിക്കുന്നു.

മെത്രാപ്പോലീത്തായുടെ പട്ടത്ത സുവർണ്ണ ജൂബിലി പദ്ധതികളിലൊന്നായ "അഭയം" പാർപ്പിട പദ്ധതി പ്രകാരം ഒരു വീടിന് എഴര ലക്ഷം രൂപ ചെലവിൽ 120 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൂദാശ നടത്തുവാൻ സാധിച്ചു. 30 വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വിവിധ ഇടങ്ങളിലായി 6 ഏക്കർ 65 സെന്റ് സ്ഥലം ഇതിലേക്ക് ലഭ്യമാകുകയും, വസ്തു ഇല്ലാത്ത അർഹരായവർക്ക് വീട് നിർമ്മിച്ചു നൽകാൻ ഉപയോഗിക്കുകയും ചെയ്തു. ഭൂ–ഭവനദാന സ്തോത്രകാഴ്ച വിനിയോഗിച്ചും ഉദാരമനസ്കരായ വ്യക്തികൾ നൽകിയ സംഭാവനകൾ സ്വീകരിച്ചുമാണ് ഈ പദ്ധതി മുൻപോട്ട് പോകുന്നത്. അഭയം ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 30 വീടുകൾ കൂടി പൂർത്തീകരിച്ചതിനു ശേഷം ഈ സാമ്പത്തിക വർഷം തന്നെ ഭു–ഭവനദാന നിർമ്മാണ പദ്ധതി തുടരുന്നതാണ്.

സാമ്പത്തിക പിന്നോക്കാവസ്ഥമൂലം അനേകർ ഇപ്പോഴും സ്വന്തമായി ഒരു പാർപ്പിടം ഇല്ലാതെ വിഷമിക്കുന്നു. സ്വന്തമായി ഒരു ഭവനം എന്ന അവരുടെ ആഗ്രഹ പൂർത്തീകരണത്തിനായി സഹായം നൽകേണ്ടത് നമ്മുടെ കടമയാണ്. ഭൂ–ഭവനദാന പ്രസ്ഥാനത്തിലൂടെ നിർവ്വഹിക്കപ്പെടുന്ന ഈ ഉദ്യമം ഫലപ്രാപ്തിയിലെത്തിക്കുവാൻ ഇടവകകളും വ്യക്തികളും ആത്മാർത്ഥമായി ഉത്സാഹിക്കണം.

2026 മേയ് മാസം 3–ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച ഭൂ–ഭവനദാന പ്രസ്ഥാനത്തിനായി വേർതിരിച്ചിരിക്കുന്നു. അന്നേ ദിവസം ശുശ്രൂഷാ മദ്ധ്യേ കവറുകളിൽ ലഭിക്കുന്ന തുക ഉൾപ്പെടെ മുഴുവൻ സ്തോത്രകാഴ്ചയും ഇതിനായി സുമനസുകൾ നൽകുന്ന പ്രത്യേക സംഭാവനകളും താമസംവിനാ സഭാ ഓഫീസിൽ അടയ്ക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണം. ഈ ആവശ്യത്തിലേക്ക് നൽകുന്ന തുകയ്ക്ക് ഇൻകം ടാക്സ് ഇളവുകൾ ആവശ്യമുള്ളവരും, വിദേശത്ത് നിന്ന് ഈ ആവശ്യത്തിലേക്ക് തുകകൾ നൽകുവാൻ താല്പര്യപെടുന്നവരും, ഇടവകകളും സഭാ ഓഫീസുമായി ബന്ധപ്പെട്ട് (mtcharitabletrust@marthoma.in) പണമിടപാടുകൾ നടത്തേണ്ടതാണ് എന്നും ഓർമിപ്പിക്കുന്നു.

*"എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെയ്ക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മെക്കു അവൻ പകരം കൊടുക്കും." (സദൃശവാക്യങ്ങൾ 19:17)* എന്ന തിരുവചനം നമുക്ക് പ്രചോദനമാകട്ടെ.

കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് ക്രിസ്താബ്ദം 2026 ഏപ്രിൽ മാസം 14 – ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**